**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.242** **15.02.2013-ലെ മറുപടിക്ക്**

**ഭൂരഹിതർക്ക് വിതരണം ചെയ്ത മിച്ചഭൂമിയുടെ വിനിയോഗം**

**ചോദ്യം**

**ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ**
**ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി**
**ശ്രീ.കെ.എൻ.എ.ഖാദർ**
**ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി**

**മറുപടി**

**ശ്രീ.അടൂർപ്രകാശ്**
**(റവന്യൂവും കയറും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഭൂരഹിതർക്ക് വീട് വയ്ക്കാനും കൃഷിക്കും സർക്കാർ വിതരണം ചെയ്യുന്ന മിച്ചഭൂമിയുടെ സിംഹഭാഗവും പാരിസ്ഥിതിക ദുർബല പ്രദേശങ്ങളുടെ പരിധിയിൽ ഉൾപ്പെട്ടതാണെന്ന് ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | മുൻകാലങ്ങളിൽ ഭൂരഹിതർക്ക് വിതരണം ചെയ്ത ഭൂമി പല ഗുണഭോക്താകളും ഏറ്റെടുക്കാതിരിക്കുകയോ, ഉപേക്ഷിച്ച് പോവുകയോ ഉണ്ടായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ പ്രത്യേക ഭൂപ്രകൃതി കാരണം വിവിധ ജില്ലകളിൽ മിച്ചഭൂമിയായി ഏറ്റെടുത്ത് ഭൂമിപതിച്ച് നൽകിയിരുന്നതിൽ ചിലത് കീഴ്ക്കാംതൂക്കായതും പാറക്കെട്ടുനിറഞ്ഞതും വെള്ളം ലഭ്യമാകാത്തതുമാണ്. മറ്റു ചിലത് വനാതിർത്തിയോട് ചേർന്നതും ശക്തമായ കാറ്റു വീശുന്നതും വന്യമൃഗങ്ങളുടെ ശല്യമുള്ളതും വെള്ളക്കെട്ട് നിറഞ്ഞതും മാലിന്യ പ്രശ്നമുള്ളതും ആണ്. കൂടാതെ അടിസ്ഥാന സൗകര്യങ്ങളായ പൊതു വഴി, റോഡ്, ജല-വൈദ്യുതി എന്നിവയുടെ ലഭ്യതയില്ലാത്ത അപര്യാപ്തത മൂലവും ഗുണഭോക്താക്കൾ ഭൂമി ഏറ്റെടുക്കാതിരിക്കുകയോ ഉപേക്ഷിച്ച് പോവുകയോ ചെയ്തിട്ടുണ്ട്. |
| (സി) | അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ഭവനരഹിതരെ, അവർക്കു നല്കിയ ഭൂമിയിൽ വീടു കെട്ടുന്നതിൽ വിമുഖരാക്കുന്നു എന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; ഇക്കാര്യങ്ങളിൽ പ്രായോഗിക പരിഹാരമുണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ഭവനരഹിതരെ, ചില സ്ഥലങ്ങളിലെങ്കിലും അവർക്കു നല്കിയ ഭൂമിയിൽ വീടു കെട്ടുന്നതിൽ വിമുഖരാക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിഹാരമുണ്ടാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**